**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| മാർച്ച് 25<br>MARCH 25 | 2019 |

*1193 മീനം 11* തിങ്കൾ

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## നോട്ടീസും ലഘുലേഖകളും പ്രസിദ്ധീകരിക്കുമ്പോൾ

## മാതൃകാ പെരുമാറ്റ ചട്ടം പാലിക്കണം: ജില്ലാ കളക്ടർ

ലോക്സഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാഷ്ടീയ പാർട്ടികളും സ്ഥാനാർത്ഥികളും ജന പ്രാതിനിധ്യ നിയമം 1951 സെക്ഷൻ 127(എ) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേങ്ങൾ കർശനമായി പാലിക്കണമെന്ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു നിർദേശിച്ചു. താഴെ പറയുന്നവയാണ് നിർദേശങ്ങൾ.

1. പ്രിന്ററുടെയും പബ്ലിഷറുടെയും പേരും മേൽവിലാസവും രേഖപ്പെടുത്താത്ത നോട്ടീസുകളോ, ലഘുലേഖകളോ, പോസ്റ്ററുകളോ യാതൊരു കാരണവശാലും വിതരണം ചെയ്യുകയോ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഉപയോഗിക്കുകയോ ചെയ്യരുത്.

2. തെരഞ്ഞെടുപ്പ് പ്രചാരണ നോട്ടീസുകളും ലഘുലേഖകളും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രമേ പ്രസിദ്ധീകരിക്കാൻ പാടുള്ളൂ.

(എ)പ്രചാരണ നോട്ടീസുകൾ പബ്ലിഷ് ചെയ്യുന്ന വ്യക്തി അയാളുടെ തിരിച്ചറിയൽ സാക്ഷ്യപത്രം തയ്യാറാക്കി ഒപ്പുവച്ച് രണ്ടു സാക്ഷികൾ സാക്ഷ്യപ്പെടുത്തി രണ്ടു കോപ്പി വീതം പ്രിന്റർക്ക് കൈമാറണം.

(ബി) അപ്രകാരം സമർപ്പിച്ച സമ്മത പത്രത്തിന്റെ ഒരു കോപ്പിയും പ്രിന്റ് ചെയ്ത നോട്ടീസ്, ലഘുലേഖ, പോസ്റ്റർ എന്നിവയുടെ കോപ്പിയും പ്രിന്റ് ചെയ്ത് ജില്ലയിലെ ജില്ലാ മജിസ്ട്രേറ്റിന് യഥാസമയം സമർപ്പിക്കണം. .

3. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളുടെ പ്രചാരണത്തിനോ എതിർ സ്ഥാനാർത്ഥികളെ ഇകഴ്ത്തുന്നതിനോ ഒറ്റയ്ക്കോ പ്രിന്റ് ചെയ്യുന്ന നോട്ടീസ്, ലഘുലേഖ, പരസ്യം, കൈയ്യെഴുത്ത് പ്രിതകൾ എന്നിവ തെരഞ്ഞെടുപ്പു പ്രചാരണ നോട്ടീസായി പരിഗണിക്കും. എന്നാൽ തെരഞ്ഞെടുപ്പ് തീയതി സംബന്ധിച്ചതോ, യോഗങ്ങൾക്കുള്ള അറിയിപ്പുകളോ, തെരഞ്ഞെടുപ്പ് ഏജന്റുമാർക്കോ, പ്രവർത്തർകർക്കോ ഉള്ള നിർദ്ദേശങ്ങളോ ഈ പരിധിയിൽ വരില്ല.

4. മേൽ സൂചിപ്പിച്ച 1, 2 നിബന്ധനകൾ ലംഘിക്കുന്നത് ജനപ്രാതിനിധ്യ നിയമം 1951 പ്രകാരം ആറുമാസം തടവും 2000 രുപ വരെ പിഴയോ രണ്ടും കുടിയോ ചുമത്താവുന്ന കുറ്റമാണെന്നും ജില്ലാ കളക്ടർ അറിയിച്ചു.

## തെരഞ്ഞെടുപ്പ് യോഗങ്ങൾ: ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തെരഞ്ഞെടുപ്പ് യോഗങ്ങൾ നടത്താനുദ്ദേശിക്കുന്ന സ്ഥലം, സമയം എന്നിവയെ കുറിച്ച് നേരത്തേ തന്നെ പോലീസ് അധികൃതരെ അറിയിക്കണം. ഒരു പ്രദേശത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് യോഗം ചേരുന്നതിന് ഭരണകൂടം വിലക്കോ നിയന്ത്രണമോ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ രാഷ്ട്രീയ പാർട്ടികൾ അത് കൃത്യമായും പാലിക്കേണ്ടതാണ്. യോഗത്തിനാവശ്യമായ ലൗഡ് സ്പീക്കറിനും മറ്റുമുള്ള പ്രത്യേകാനുമതി ബന്ധപ്പെട്ട അധികൃതരിൽ നിന്നും നേടിയിരിക്കണം. യോഗസ്ഥലത്ത് ക്രമസമാധാനം നിയന്ത്രിക്കുന്നതിന് രാഷ്ട്രീയ പാർട്ടി പ്രവർത്തകർ കുഴപ്പക്കാരെ നേരിടരുത്. പോലീസിന്റെ സഹായം ആവശ്യപ്പെടണം.

## ലോക്സഭ തെരഞ്ഞെടുപ്പ്: ഹരിതചട്ടപാലനം സംശയങ്ങളും മറുപടികളു മായി കൈപുസ്തകം

ലോക്സഭ തെരഞ്ഞെടുപ്പ് ഹരിത പെരുമാറ്റ ചട്ടം പാലിച്ച് നടത്തുന്നതിന് സഹായകരമായ ഹരിതചട്ടപാലനം - സംശയങ്ങളും മറുപടികളും എന്ന കൈപുസ്തകം ഹരിത കേരളം മിഷൻ പുറത്തിറക്കി. 23 പേജുള്ള ഈ മൾട്ടി കളർ കൈപുസ്തകത്തിൽ തെരഞ്ഞെടുപ്പ് വേളയിൽ രാഷ്ട്രീയ പാർട്ടികളും പൊതുജനങ്ങളും ഉദ്യോഗസ്ഥരും പാലിക്കേണ്ട ഹരിത പെരുമാറ്റ ചട്ടങ്ങളെ കുറിച്ചാണ് ചോദ്യോത്തര രൂപത്തിൽ ഹ്രസ്വമായി പ്രതിപാദിക്കുന്നത്.ഹരിത പെരുമാറ്റചട്ടം പാലിച്ച്

സംസ്ഥാനത്ത് നടത്തുന്ന ആദ്യ തെരഞ്ഞെടുപ്പ് ആയതിനാൽ ഈ കൈപുസ്തക ത്തിന് പ്രസക്തിയേറെയാണ്.

ഫ്ളക്സുകൾക്ക് പകരമായി പനമ്പായ, പുൽപായ, ഓല, ഈറ, മുള, പാള, തുട ങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ആകർഷകമായ രീതിയിൽ പ്രചാരണ ബോർഡുകളും സാമഗ്രികളും ഉണ്ടാക്കാമെന്ന് ആദ്യതാളുകളിൽ തന്നെ കൈപുസ്തകം വായനക്കാരോട് സംവദിക്കുന്നു.

സ്ഥാനാർത്ഥിയെ സ്വീകരിക്കുന്ന വേളയിൽ പ്ലാസ്റ്റിക്ക് ഹാരങ്ങൾക്ക് പകരം പൂക്കൾ കൊണ്ടുള്ള ഹാരങ്ങൾ ഉപയോഗിക്കണമെന്നും സ്ഥാനാർത്ഥിയോ ടുള്ള സ്നേഹത്തോടൊപ്പം ഭൂമിയോടുള്ള നമ്മുടെ സ്നേഹവും നിലനിർത്തണ മെന്നും കൈപുസ്തകം പറയുന്നു.പ്ലാസ്റ്റിക്ക് വസ്തുക്കൾ അടങ്ങുന്ന എല്ലാത്തരം ബോർഡുകളും ഹോർഡിംങ്ങ്സുകളും ബാനറുകളും ഡിസ്പോസിബിൾ വസ്തുക്ക ളും തെർമ്മോക്കോളും തെരഞ്ഞെടുപ്പ് പ്രചരണ വേളയിൽ ഒഴിവാക്കണമെന്ന് കൈപുസ്തകം നിർദേശിക്കുന്നു. തുണി, പേപ്പർ തോരണങ്ങൾ, സ്റ്റീൽക്ലാസുകൾ, പൂക്കളിലുള്ള ഹാരങ്ങൾ, ലോഹ നിർമ്മിതമായ ബോർഡുകൾ എന്നിവ പകരം ഉപ യോഗിക്കണം.സംസ്ഥാനത്തെ എല്ലാ ജില്ലാഹരിത കേരളം മിഷൻ ഓഫീസുകളു ടെയും ശുചിത്വമിഷൻ ഓഫീസുകളുടെയും ഫോൺ നമ്പറും സംശയനിവാരണത്തി നായി പുസ്തകത്തിൽ കൊടുത്തിരിക്കുന്നു.

## കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ഏപ്രിലിൽ ആരംഭിക്കും

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ജില്ലയിൽ ഏപ്രിലിൽ ആരംഭിക്കും. അഞ്ചു ലക്ഷം രൂപയുടെ സൗജന്യ ചികിത്സയാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം പ്രതിവർഷം ഒരോ കുടുംബത്തിനും ലഭിക്കുന്നത്. നിലവിൽ ജില്ല യിൽ ആർ.എസ്.ബി.വൈ-ചിസ് പദ്ധതി (ആരോഗ്യ ഇൻഷുറൻസ്) അംഗത്വമുള്ള 1,00,899 കുടുംബങ്ങളും സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് പ്രകാരമുള്ള കുടുംബങ്ങളും, ഉൾപ്പെടെയാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇത് പ്രകാര മാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ കാർഡ് നൽകുന്നത്. കുടുംബ ത്തിലെ ഓരോ അംഗത്തിനും പ്രത്യേകമായിട്ടാണ് കാർഡ് നൽകുന്നത്. റേഷൻ കാർഡ്, ആധാർ കാർഡ്, ആർ.എസ്.ബി.വൈ സ്മാർട്ട് കാർഡ് എന്നിവ സഹിതം പഞ്ചായത്തുതലത്തിൽ സജ്ജമാക്കുന്ന വിതരണ കേന്ദ്രത്തിലെത്തി കാർഡ് കൈപ്പറ്റേ ണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് കാർഡ് എടുക്കുന്നതിന് പ്രായപരിധിയോ, അംഗങ്ങളുടെ എണ്ണത്തിലുള്ള പരിധിയോ ഇല്ല. 50 രൂപയാണ് ഒരു കുടുംബത്തിന്റെ മൊത്തം ഫീസ്. ഈ കാർഡ് നമ്പർ ഉപയോഗിച്ച് പദ്ധതിയിലംഗമാ യിട്ടുള്ള എല്ലാ ആശുപത്രികളിലുടെയും ബന്ധപ്പെട്ട കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ ചികിത്സ തേടാം. പദ്ധതി പ്രവർത്തനങ്ങൾ ജില്ലയിൽ തീരുമാനിക്കു

ന്നതിന് ജില്ലാതല കോർ കമ്മിറ്റിയോഗം ചേർന്നു. എ.ഡി.എം .സി ബിജു അദ്ധ്യക്ഷ നായി. ചിയാക് ജില്ലാ പ്രൊജക്ട് മാനേജർ എം. സതീശൻ പദ്ധതി വിശദീകരണം നട ത്തി.

ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്) ഷാജു കെ.എ, ഡെപ്യൂട്ടി ഡയർക്ടർ ഓഫ് പഞ്ചായത്ത് അരുൺ ടി.ജെ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം. മധുസൂദനൻ, ഡെപ്യൂട്ടി ഡിഎംഒ: ഡോ.കെ.കെഷാന്റി, എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.രാമൻ സ്വാതിവാമൻ, അസി. ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ ഷെമീന.എം, കുടുംബശ്രീ മിഷൻ, ഡി.പി.എം ശ്വേതശ്രീ മോഹനൻ എന്നി വർ സംബന്ധിച്ചു.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാരിന്റെ സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള ആറ ന്മുള വാസ്തു വിദ്യാഗുരുകുലം ഉടൻ ആരംഭിക്കുന്ന പാരമ്പര്യവാസ്തു വിദ്യ ഹ്രസ്വ കാല കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. നാലു മാസമാണു കോഴ്സ് കാലാവധി. സിവിൽ അല്ലെങ്കിൽ ആർക്കടെക്ച്ചറിൽ നേടിയുള്ള പോളിടെക്നിക്ക് ഡിപ്ലോമ അല്ലെ ങ്കിൽ ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ, ഐ.ടി.ഐ ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ്ഷിപ്പ്, കെ. ജി.സി ഇ സിവിൽ എന്നീ കോഴ്സുകൾ കഴിഞ്ഞവർക്ക് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 31. ഫോൺ-0468 2319740, 9744857828. വെബ്സൈറ്റ്-www.vasthuvidyagurukulam.com

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാരിന്റെ സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള ആറ ന്മുള വാസ്തു വിദ്യാഗുരുകുലം ഉടൻ ആരംഭിക്കുന്ന എപ്പിഗ്രാഫി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.നാല് മാസമാണ് കോഴ്സ് കാലാവധി. അംഗീകൃത സർവ്വകലാ ശാല ബിരുദം അല്ലെങ്കിൽ ത്രിവത്സര പോളിടെക്നിക് ഡിപ്ലോമയാണ് യോഗ്യത. മാർച്ച് 31 നകം അപേക്ഷിക്കണം. ഫോൺ-0468 2319740, 9744857828. വെബ്സൈ റ്റ്-www.vasthuvidyagurukulam.com

## ഗതാഗത നിയന്ത്രണം

പരപ്പ ബ്ലോക്കിലെ ഏഴാംമൈൽ എണ്ണപ്പാറ മെക്കാഡം റോഡിന്റെയും മൂന്നാം മൈൽ പറക്കളായി മെക്കാഡം റോഡിന്റെയും ടാറിംഗ് നടക്കുന്നതിനാൽ മാർച്ച് 28 മുതൽ ഇതു വഴിയുള്ള ഗതാഗതം താല്ക്കാലികമായി നിരോധിച്ചു. ഏഴാംമൈൽ എണ്ണ പ്പാറ ഭാഗത്തേക്കുള്ള വാഹനങ്ങൾക്ക് പഴയ ഏഴാംമൈൽ പോർക്കുളം കരിയം വഴി

മുക്കുഴിക്ക് എത്താം. എണ്ണപ്പാറയിൽ നിന്ന് പറക്കളായി ഭാഗത്തേക്കു പോകുന്ന വാഹനങ്ങൾ എണ്ണപ്പാറ കല്ല്വളപ്പ് അയ്യങ്കാവ് വഴി പറക്കളായിക്കു പോകണം.

## ക്വട്ടേഷൻ ക്ഷണിച്ചു

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ജില്ലാ ഓഫീസിലെയും ജില്ലയിലെ രണ്ട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലെയും കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സമഗ്ര വാർഷിക മെയിന്റനൻസ് കോൺട്രാക്ട് ഒരു വർഷത്തേക്ക് എടുക്കുന്നതിനു താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഏപ്രിൽ 16 ന് രാവിലെ 11 നകം സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ജില്ലാ ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് - 04994 256474.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ സ്ഥാപനമായ സി-ഡിറ്റിന്റെ കവടിയാർ കേന്ദ്രത്തിൽ വിഷ്വൽ മീഡിയ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു.ഡിപ്ലോമ കോഴ്സ് ഇൻ വെബ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വീഡിയോഗ്രാഫി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നോൺലീനിയർ എഡിറ്റിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി, എന്നീ കോഴ്സുകൾക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷിക്കാനുള്ള അവസാന തീയ്യതി മാർച്ച് 31.ഉദ്യോഗസ്ഥർക്ക് സായാഹ്ന കോഴ്സും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്-0471 2721917

## ലേലം

കുമ്പള ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ബസ്സ്റ്റാൻഡിന്റെയും മത്സ്യ മാർക്കറ്റിന്റെയും അടുത്ത സാമ്പത്തിക വർഷത്തെ കുത്തക ഫീസ് പിരിക്കുന്നതിനുള്ള അവകാശം മാർച്ച് 29 ന് രാവിലെ 10.30 ന് പഞ്ചായത്ത് ഓഫീസിൽ നിന്നും ലേലം ചെയ്യും.

(അവസാനിച്ചു)